# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഇ.സി.29/23/മിസ്-എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
16/09/2023.

## എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും

വിഷയം:- ദേവസ്വങ്ങളിലെ ദൈനംദിന കാര്യങ്ങളിലെ വീഴ്ചകളിന്മേൽ സബ്ഗ്രൂപ്പ് ആഫീസർമാരും ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും നടപടികൾ സ്വീകരിക്കാതിരിക്കുന്ന സംഗതി സംബന്ധിച്ച്.

ദേവസ്വങ്ങളിൽ ജീവനക്കാർ കൃത്യമായി നടതുറക്കുന്ന സമയങ്ങളിൽ ഹാജരാകാതിരിക്കുക, മദ്യപിച്ച് ഡ്യൂട്ടിയിൽ തുടരുക, ക്ഷേത്രവും പരിസരവും യഥാസമയം വൃത്തിയാക്കാതിരിക്കുക, കിടമുറ ഡ്യൂട്ടി കൃത്യമായി ചെയ്യാതിരിക്കുക, ദേവസ്വം രസീത് എഴുതാതെ വഴിപാടുകൾ നടത്തുക, പള്ളിയുണർത്തൽ ചടങ്ങ് ബന്ധപ്പെട്ട ജീവനക്കാർ നടത്താതിരിക്കുക തുടങ്ങി ജീവനക്കാരിൽ നിക്ഷിപ്തമായ കാലാകാലങ്ങളിൽ ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള ജോലികളിൽ വീഴ്ച വരുത്തുക എന്നിവ മുഖദാവിൽ ബോധ്യപ്പെട്ടാലും ഭക്തരിൽ നിന്നുമോ ക്ഷേത്ര ഉപദേശകസമിതികളിൽ നിന്നോ പരാതി രേഖാമൂലം ലഭിക്കുന്നില്ലായെന്ന കാരണത്താൽ സബ്ഗ്രൂപ്പ് ആഫീസർമാർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ നടപടി സ്വീകരിക്കാതിരിക്കുന്നതായും കാണപ്പെടുന്ന വീഴ്ചകളിന്മേൽ സബ്ഗ്രൂപ്പ് ആഫീസർമാർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ റിപ്പോർട്ടുകൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിലേയ്ക്ക് നൽകിയാലും ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ തുടർനടപടി സ്വീകരിക്കാതിരിക്കുന്നതായും ഈ ആഫീസിൽ ഭക്തജനങ്ങളിൽ നിന്നും ക്ഷേത്ര ഉപദേശകസമിതികളിൽ നിന്നും നിരന്തരം ലഭിക്കുന്ന പരാതികളിൽ നിന്നും വിജിലൻസ് വിഭാഗത്തിന്റെ വിവിധ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ദേവസ്വം റവന്യൂവിനെയും ദൈനംദിന പ്രവർത്തനങ്ങളെയും ഡിപ്പാർട്ട്മെന്റിന്റെ സൽപ്പേരി നെയും ബാധിക്കുന്ന തരത്തിൽ ഉണ്ടാകുന്ന ടി വീഴ്ചകളിന്മേൽ കൃത്യമായി നടപടി സ്വീകരിക്കുവാൻ ചുമതലപ്പെട്ട സബ്ഗ്രൂപ്പ് ആഫീസർമാരും ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും വീഴ്ചകൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നത് ഗുരുതര അച്ചടക്ക ലംഘനമാണ്.

ദേവസ്വത്തിൽ ദൈനംദിന പ്രവർത്തനങ്ങളും ആചാരങ്ങളും ചിട്ടയോടെ വീഴ്ചകളില്ലാതെ ജീവനക്കാരെ നിയോഗിച്ച് പരാതി രഹിതമായി സബ്ഗ്രൂപ്പ് ആഫീസർമാർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ നടത്തിക്കേണ്ടതും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും തുടർന്ന് ആയത് പരിശോധിച്ച് വീഴ്ചകൾ ബോധ്യപ്പെട്ടാൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തുടർനടപടിയ്ക്കായി ഈ ആഫീസിൽ താമസംവിനാ ലഭ്യമാക്കേണ്ടതാണ്.

(മറുപുറം..)

ഇതിന് വിരുദ്ധമായി ദേവസ്വങ്ങളിലെ മേൽ വീഴ്ചകളിന്മേൽ ഈ ആഫീസിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ പരിശോധിക്കുമ്പോൾ മുൻപ് വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി എടുക്കാതിരുന്നതായി ബോധ്യപ്പെട്ടാൽ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ഐ.റ്റി, സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3. സെക്ഷൻ ഫയൽ
4. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.19/09